മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (* 541)

പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

(*541) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടെണ്ടർ നടപടികളിൽ ഉൾപ്പെടെ സമഗ്രമായ പരിഷ്കാരം നടപ്പാക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നിരത്ത് വിഭാഗം, പാലങ്ങൾ വിഭാഗം എന്നിവയുടെ കീഴിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ടെണ്ടർ സംബന്ധിച്ച നടപടികൾ Standard Bid document-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

പ്രകാരം e-tender, PRICE എന്നിവ മുഖേന നിശ്ചിത സമയക്രമം പ്രകാരം നടപ്പിലാക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടാത്ത കരാറുകാർക്കെതിരെ Standard Bid Document നിബന്ധനകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, ടെണ്ടർ, മെഷർമെന്റ് ബുക്ക്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ തുടങ്ങി എല്ലാ നടപടികളും പ്രൈസ് സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പൂർത്തീകരണ കാലാവധി, ടെണ്ടർ നോട്ടീസ്, കരാർ എന്നിവയിൽ ഉൾപ്പെടുത്തുകയും മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാരുടെ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചു നൽകുകയും തുടർന്നും കാലതാമസം വരുത്തുന്ന കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും പ്രധാന പ്രവൃത്തികൾ ഉന്നത

ഉദ്യോഗസ്ഥർ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. സ്ഥലം ഏറ്റെടുപ്പ്, കൈയ്യേറ്റം ഒഴിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങൾ, KWA, KSEB തുടങ്ങിയവയുടെ പൈപ്പുകൾ കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലെ കാലതാമസം, കാലവർഷം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരിമൂലമുണ്ടായ ലോക്ക്ഡൗൺ തുടങ്ങിയ കാരണങ്ങളാൽ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി നിലപാടുകൾ കൈകൊണ്ട് മുന്നോട്ടുപോകുന്നു. ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ 13.09.2021 ലെ സ.ഉ (സാധാ) നം.829/2021/പൊ.മ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് വിശദമായി പറയുന്നില്ല. കളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറുമായ ഇതിന്റെ മീറ്റിംഗ് മാസത്തിലൊരിക്കൽ നടക്കുന്നുണ്ട്. വർഷത്തിൽ മൂന്നുപ്രാവശ്യം മന്ത്രിയും എം.എൽ.എ.-മാരും ആ മീറ്റിംഗിൽ പങ്കെടുക്കുന്ന രീതിയിലാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഈ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം

ചേർന്ന് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച മറ്റുവകുപ്പുകളുമായി ചർച്ചകൾ നടത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനായി ഓരോ സാമ്പത്തിക വർഷത്തിലും വിവിധ പദ്ധതികളിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്നതിനും സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ പൂർത്തീകരിക്കുന്നതിനും നിശ്ചിത സമയക്രമം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയപാത വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗങ്ങൾ നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും മേലുദ്യോഗസ്ഥൻ സൈറ്റ് വിസിറ്റ് നടത്തുകയും ചെയ്തുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ ദേശീയപാത വിഭാഗത്തിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും കാലതാമസമില്ലാതെ വർക്ക് നൽകി കരാർ വയ്ക്കുകയും ചെയ്യുന്നുണ്ട്. കെട്ടിട വിഭാഗത്തിൽ

നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചാൽ ഉടൻതന്നെ ആവശ്യമായ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൈസ് മുഖാന്തിരം detailed estimate തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി മത്സരാടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് കരാറുകാരനെ ഏല്പിക്കുന്നു. ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കൃത്യമായ അവലോകനം നടത്തി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ നേരിടുന്ന പ്രവൃത്തികൾ ഉണ്ടെങ്കിൽ client department-മായി ആലോചിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രവൃത്തികൾക്ക് എഗ്രിമെന്റ് പ്രകാരമുള്ള കാലപരിധിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം കരാറുകാരന് നൽകുകയും ചെയ്യാറുണ്ട്. വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന കരാറുകാർക്കെതിരെ SBD/ Revised PWD Manual 2012 പ്രകാരം കർശന നടപടികൾ സ്വീകരിക്കാറുണ്ട്. എന്നിരുന്നാലും ഡിസൈനിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ, പ്രവൃത്തി ആരംഭിച്ചശേഷം Client Department-ൽ നിന്നും

നിർദ്ദേശിക്കുന്ന മാറ്റങ്ങൾ എന്നിവയെല്ലാം അടിസ്ഥാനപ്പെടുത്തി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ബന്ധപ്പെട്ട അധികാരികൾക്ക് ദീർഘിപ്പിക്കേണ്ടതായി വരാറുണ്ട്. എന്നാൽ കരാറുകാരന്റെ പിഴവ് കൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലപരിധി നീട്ടിനൽകേണ്ടി വരുന്നതെങ്കിൽ SBD/ Revised PWD Manual 2012 നിഷ്കർഷിക്കുംവിധം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk and Cost-ൽ ടെർമിനേറ്റ് ചെയ്യുവാനും പ്രവൃത്തി ഈ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർക്രമീകരിക്കാനും വ്യവസ്ഥ ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി 5 ലക്ഷത്തിനുമുകളിലുള്ള പ്രവൃത്തികൾക്ക് E-Tendering System ആണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർനടപടികൾക്ക് കാലതാമസം ഒഴിവാക്കാനായി PRICE Software മുഖാന്തരമാണ് നടത്തുന്നത്. കെട്ടിട നിർമ്മാണത്തിൽ വരുന്ന സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, Fire fighting മുതലായ വിംഗുകളുടെ ഏകോപന

പോരായ്മകൊണ്ടുള്ള കാലതാമസം ഒഴിവാക്കാനായി ഈ വിഭാഗങ്ങളുടെ എല്ലാ എസ്റ്റിമേറ്റുംകൂടി ക്രോഡീകരിച്ച് ഒരുമിച്ച് സാങ്കേതികാനുമതി നൽകി, ഒരുമിച്ച് ടെണ്ടർ ചെയ്ത് ഒറ്റ കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കാൻ Composite Tender GO(Ms)No.9/2021/PWD തീയതി 05/02/2021 പ്രകാരം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതുപോലെ, യുദ്ധകാലാടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്ന പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞാൽ അതിന്റെ പുരോഗതി കൃത്യമായി എം.എൽ.എ.-മാരെയും ജനങ്ങളെയും അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; ഇതിന് ആധുനികമായ ടെക്നോളജി പ്രയോജനപ്പെടുത്താനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. സുതാര്യതയും വേഗതയും ഉറപ്പുവരുത്തുന്ന നിലപാടിലൂടെ

മുന്നോട്ടുപോകാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അക്കാര്യം നേരത്തെ മാനിഫെസ്റ്റോയിലും ചൂണ്ടിക്കാട്ടിയതാണ്. ഓരോ ഘട്ടത്തിലും പരിവർത്തനം ആവശ്യമാണ്. അതിന്റെ ഭാഗമായി കാര്യങ്ങൾ വേഗത്തിലാക്കി മുന്നോട്ടുപോകുന്നതിനുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇപ്പോൾ P.W.D. Mission Team എന്നനിലയിൽ ഒരു ടീം രൂപീകരിച്ചു. രണ്ടാഴ്ചയിലൊരിക്കൽ മിഷൻ ടീം ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറും മറ്റുദ്യോഗസ്ഥരും മന്ത്രിയും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അതുപോലെ മറ്റു വകുപ്പുകളുടെ ഏകോപനംകൂടി ഉദ്ദേശിച്ചുകൊണ്ടുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. എല്ലാ ജില്ലയിലും ഇപ്പോൾ ഡി.ഐ.സി.സി. സംവിധാനം വന്നു. എല്ലാ മാസവും മീറ്റിംഗ് നടത്തുന്നുണ്ട്. മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെ കളക്ടറുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുന്ന സ്ഥിതിയുണ്ട്. മറ്റുവകുപ്പുകൾ അതിനോട് നല്ലരീതിയിൽ സഹകരിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഓരോ പ്രവൃത്തിയുടെയും കൃത്യമായ വിവരം എം.എൽ.എ.-മാർക്കും ജനങ്ങൾക്കും അറിയാവുന്ന വിധത്തിൽ Project Management System എന്ന പുതിയ സംവിധാനം 2022-ൽ

പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്ന കാര്യം സഭയെ അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ ഒരു പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നതുവരെ, പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതി എം.എൽ.എ.-മാരും ജനങ്ങളും അറിയണം. ആ പദ്ധതിയുടെ പുരോഗതി ജനങ്ങൾക്ക് വിലയിരുത്തുവാൻ കഴിയണം. എപ്പോൾ പ്രവൃത്തി ആരംഭിക്കും, എപ്പോൾ പ്രവൃത്തി പൂർത്തിയാകും, പ്രവൃത്തി എത്രശതമാനം പുരോഗമിച്ചു എന്നിങ്ങനെയുള്ള വിവരങ്ങൾ ഡാഷ് ബോർഡിൽ ലഭ്യമാകുന്ന സംവിധാനം ഇപ്പോൾ ഏറെക്കുറെ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അത് ഉടനെതന്നെ നടപ്പിലാക്കാൻ കഴിയും. ഓരോ ഘട്ടത്തിലും കൃത്യമായ ടൈം ലൈനുണ്ടാകും. കരാറുകാർക്കും അവരുടേതായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും ഈ സംവിധാനത്തിലൂടെ സാധിക്കും. വകുപ്പ് മേധാവി, ജില്ലാ കളക്ടർ, സ്റ്റേറ്റ് നോഡൽ ഓഫീസർ, ഉദ്യോഗസ്ഥർ എന്നിവർക്കും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇതിൽ അപ്ഡേറ്റ് ചെയ്യാൻ കഴിയും. അത് എം.എൽ.എ.-മാർക്ക് വളരെ സൗകര്യപ്രദമാകും. അതുപോലെതന്നെ ജനങ്ങൾ എല്ലാ പദ്ധതികളെക്കുറിച്ചും മനസ്സിലാക്കുന്ന സ്ഥിതിയുണ്ടാകും. ജനങ്ങൾക്ക്

അതിൽ ഏതെങ്കിലും രീതിയിലുള്ള പരാതികൾ ഉണ്ടെങ്കിൽ ആ പരാതികൾ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുകൊണ്ടുവരാൻ സാധിക്കും. ഇതുപറയുമ്പോഴുള്ള പ്രധാനപ്പെട്ട കാര്യം ടെക്നോളജിയുടെ മാറ്റങ്ങൾ പൊതുവേ ജനങ്ങൾ അംഗീകരിക്കും. നിലവിലെ PWD for you APP-ൽ ഇന്നുവരെ പതിനയ്യായിരത്തോളം പരാതികൾ വന്നിട്ടുണ്ട്. അതിൽ കുറെയേറെ പരാതികൾ പരിഹരിച്ചു. ഈ സഭയിൽ നേരത്തെ റെസ്റ്റ് ഹൗസ് നവീകരണത്തെപ്പറ്റി പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചിട്ട് ഇന്നേയ്ക്ക് ഒൻപത് ദിവസം കഴിഞ്ഞു. ഈ ഒൻപത് ദിവസത്തിനിടയിൽ 991 പേർ ഓൺലൈൻ ബുക്കിംഗിലൂടെ റെസ്റ്റ് ഹൗസിൽ മുറിയെടുത്ത വിവരം സഭയിൽ അറിയിക്കുകയാണ്. അതുമാത്രമല്ല 5,76,926 രൂപയാണ് ഈ ഒൻപത് ദിവസംകൊണ്ട് ഓൺലൈൻ ബുക്കിംഗിലൂടെ ലഭിച്ചിട്ടുള്ളത്. ആ നിലയിൽ Rs 4,93,506. rent collected through online, Rs. 83,420 rent collected at counter ആണ് ലഭിച്ചിട്ടുള്ളത്. വലിയൊരു മാറ്റമായാണ് ഇതിനെ കാണുന്നത്. എല്ലാവരും യോജിച്ചുനിന്ന് ഇനിയും നമുക്കതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമാകുന്നതാണ്. ടെക്നോളജിയുടെ മാറ്റത്തെ ജനങ്ങൾ നല്ലനിലയിൽ

സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരായിരിക്കുമെന്ന നിലപാടുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും പിൻതുണയോടുകൂടി കൂട്ടായ പ്രവർത്തനമുണ്ടെങ്കിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്ന കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വളരെ മാതൃകാപരമായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുമാണ് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. ടെണ്ടർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നാരംഭിക്കും; അതിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഏതുവരെയായി; ബഹുമാനപ്പെട്ട മന്ത്രി ചൊവ്വ ജംഗ്ഷനിലെ അണ്ടർപാസ്സ് സന്ദർശിക്കുകയുണ്ടായി, അത് എയർപോർട്ടിലേയ്ക്ക് പോകുന്ന വഴിയായതുകൊണ്ട് മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയ

ചൊവ്വ-കുട്ടുപുഴ റോഡ് ആരംഭിക്കുന്ന പ്രദേശം കൂടിയാണ്. ഈ പ്രാധാന്യമെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ പ്രവൃത്തികളൊക്കെ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കണ്ണൂർ പട്ടണത്തിലെ ട്രാഫിക് ബ്ലോക്ക് ഒരു പ്രധാന വിഷയമാണ്. കേരളത്തിലെ 14 ജില്ല കേന്ദ്രങ്ങളുമെടുത്താൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് കണ്ണൂർ പട്ടണത്തിലാണ്. ദേശീയപാത കഴിഞ്ഞ് വടക്കുനിന്ന് തെക്കോട്ടും തെക്ക് നിന്ന് വടക്കോട്ടുംപോകണമെങ്കിൽ കണ്ണൂർ ടൗൺ വഴി പോകണം. കാസർഗോഡുനിന്ന് വരുന്നവർക്ക് കോഴിക്കോട് ഭാഗത്തേയ്ക്കും കോഴിക്കോട് വരുന്നവർക്ക് മംഗലാപുരം കാസർഗോഡ് ഭാഗത്തേയ്ക്കും പോകുന്നതിന് ഏറെ സമയമെടുക്കുന്നത് ഒരു പ്രശ്നമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാർ 2016-21-ൽ ഇതിന് സമാനമായ പ്രശ്നമുള്ള കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം ഉണ്ടാക്കി. ആലപ്പുഴയിലും കൊല്ലത്തും ഉൾപ്പെടെ വന്നിട്ടുള്ള മാറ്റം നമുക്കറിയാം. അതേ അർത്ഥത്തിൽ കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണണം എന്നാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി മേയ് 20-ന് ഈ സർക്കാർ

അധികാരത്തിൽ വന്നയുടനെതന്നെ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കുറെകാര്യങ്ങളുടെ തുടർച്ച എന്നുള്ള നിലയിൽ ജില്ലയിലെ എം.എൽ.എ.-മാരുടെ ഒരു യോഗം ജൂൺ മാസം 23-ന് വിളിച്ച് ഇത് വളരെ വിശദമായി മന്ത്രി എന്നുള്ള നിലയിൽ ഞാനതിൽ പങ്കെടുത്തുകൊണ്ട് ചർച്ച നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സെപ്റ്റംബർ മാസം 15-ന് ഒരു യോഗത്തിൽ പങ്കെടുത്തു. അവിടുത്തെ രണ്ട് എം.എൽ.എ.-മാർ ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹുമാനപ്പെട്ട കെ. വി. സുമേഷും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. സെപ്റ്റംബർ 15-ന് മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനപ്രകാരം രണ്ടുതവണ അവിടെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് മുന്നോട്ടുപോകുന്ന സ്ഥിതിയുണ്ടായി. ഡി.ഐ.സി.സി. (District Infrastructure Co-Ordination Committee) സെപ്റ്റംബർ മാസം 25-ന് ഇത് പ്രത്യേകം എടുത്ത് പരിശോധിച്ചു. എല്ലാദിവസവും ഒരു പ്രധാന പ്രവൃത്തി മന്ത്രി എന്നുള്ള നിലയിൽ പരിശോധിക്കുന്ന ആക്സിലറേറ്റ് പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗമായി ഒക്ടോബർ മാസം 22-ന് ഈ വിഷയം പരിഹരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്.

വേഗത്തിൽ ഇത് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനായി ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ച് തുടർനടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സെക്കന്റ് ഫെയിസിൽ വരുന്ന മറ്റ് നാല് റോഡുകളിൽ സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള 19(1) വിജ്ഞാപനത്തിലുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. മൂന്നാം ഘട്ടത്തിലെ നാല് റോഡുകളുടെ സാമൂഹികാഘാത പഠനത്തിനുള്ള ഏജൻസിയെ നിയമിക്കുന്ന നടപടികളും പുരോഗമിക്കുകയാണ്. ഈ പ്രശ്നം മനസ്സിലാക്കി പരിഹരിച്ചുപോകാനുള്ള ശ്രമം നടത്താം. രണ്ട് എം.എൽ.എ.-മാർ ഇതിന് മുൻകൈ എടുത്തുവരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലും മറ്റ് വിഷയങ്ങൾ പരിഹരിക്കുവാൻ നല്ല ഇടപെടലാണ് നടത്തിയത്. കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുക എന്നുള്ളത് ഒരു പ്രധാന വിഷയമായാണ് പൊതുമരാമത്ത് വകുപ്പ് എടുക്കുന്നത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഏറെ പ്രതീക്ഷയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രിയെ ഞങ്ങൾ നോക്കിക്കാണുന്നത്. പ്രത്യേകിച്ചും,

ആലപ്പുഴ ജില്ലയിലെ കുട്ടനാട്. ഞങ്ങളുടെ ആവശ്യങ്ങൾ പ്രത്യേകിച്ച്, എ.സി. റോഡിന്റെ നവീകരണവും അതുപോലെ 21 റോഡുകളുടെ പുനരുദ്ധാരണവും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ടൂറിസം മേഖലയിൽ അങ്ങ് എടുത്തിട്ടുള്ള നടപടികൾ, എല്ലാവിധ അനുഗ്രഹവും അങ്ങേയ്ക്ക് ഉണ്ടാകട്ടെ അതിനുള്ള ശക്തിയും സ്വർഗ്ഗത്തിൽ ദൈവം തരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതിനോടൊപ്പം, നിലവിൽ പൊതുമരാമത്ത് ടെണ്ടർ ജോലികൾ ചെയ്യുമ്പോൾ, ഇതിന്റെ പേപ്പർ വർക്കുകൾക്ക് ഒരുപാട് കാലതാമസം വേണ്ടിവരുന്നുണ്ട്. അങ്ങയുടെ ഇപ്പോഴത്തെ എക്സ്പ്ലനേഷൻ കേട്ടുകഴിഞ്ഞപ്പോൾ വളരെ നല്ലൊരു സ്റ്റെപ്പ് എടുത്തിട്ടുണ്ട് എന്ന് മനസ്സിലായി. അതുകൊണ്ട് രണ്ടുംമൂന്നും നാലും മാസം നീണ്ടുപോകുന്ന ഈ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തക്കവണ്ണം അങ്ങയുടെ ഇടപെടൽ ഉണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തോമസ് കെ. തോമസ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇത് എല്ലാ എം.എൽ.എ.-മാരും പൊതുവെ പറയുന്ന ഒരു വിഷയമാണ്. ഇതിന്

പരിഹാരം കാണേണ്ടത് അനിവാര്യമാണ്. ഈ സഭയിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു വർക്കിംഗ് കലണ്ടറിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. ഓരോഘട്ടവുമായി ബന്ധപ്പെട്ട് വരുന്ന സമയം, ഇൻവെസ്റ്റിഗേഷൻ അല്ലെങ്കിൽ എ.എസ്. കഴിഞ്ഞ് എഫ്.എസ്.കിട്ടി, ടി.എസ്. കിട്ടി ടെണ്ടറാകുന്നതുമായി ബന്ധപ്പെട്ട സമയം. ഇതിനൊക്കെ സമയം എടുക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. അപ്പോഴായിരിക്കും മഴ ആരംഭിക്കുക. ഏത് മാസമാണ് ഇത്തരം പ്രവൃത്തികൾ, ജൂൺ മാസം മുതൽ ഏത് രീതിയിലുള്ള പ്രവർത്തനം നടത്തണം, എ.എസ്., എഫ്.എസ്, ടി.എസ്., ടെണ്ടർ ഒക്കെ ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്താനുള്ള ക്രമീകരണങ്ങൾ, തുടങ്ങി ഇതിലൊരു കൃത്യമായ പദ്ധതിതന്നെ വേണം. ഇപ്പോൾ പല വർക്കുകളും ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ച് ടെണ്ടർ ആകുമ്പോഴേയ്ക്ക് ജൂൺ മാസം ആകുന്നു. ഇത് ഒഴിവാക്കുന്നതിന് ധനകാര്യവകുപ്പുമായിക്കൂടി ചർച്ച നടത്തിക്കൊണ്ട് ഒരു വർക്കിംഗ് കലണ്ടർ ഉണ്ടാക്കാൻ സാധിക്കണം. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എല്ലാ കക്ഷിനേതാക്കളുമായി ഇതുമായി ബന്ധപ്പെട്ട് ഒരു തവണ ചർച്ച നടത്തിയിട്ടുണ്ട്. എല്ലാവരും ഇത് പോസിറ്റീവായി എടുത്തു എന്നുമാത്രമല്ല,

ചില നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഓരോ ഘട്ടത്തിനും ആവശ്യമായ കാലയളവ് നിശ്ചയിച്ചുകൊണ്ടാണ് വർക്കിംഗ് കലണ്ടർ തയ്യാറാക്കേണ്ടത്. ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ ഒക്കെ തയ്യാറാക്കാൻ വേണ്ടുന്ന സമയം, സാങ്കേതികാനുമതിയുടെയും ടെണ്ടറിന്റെയും സമയക്രമം എന്നിങ്ങനെ കൃത്യമായി നിശ്ചയിച്ചുനൽകും. ആ സമയക്രമത്തിലുള്ള പ്രവൃത്തി പൂർത്തീകരണം എന്ന നിബന്ധനയാണ് കൊണ്ടുവരേണ്ടത്. അത് കൊണ്ടുവരിക മാത്രമല്ല, അത് കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ഓരോരുത്തരുടെയും റെസ്പോൺസിബിലിറ്റി നിശ്ചയിച്ച് ജോലി സമയബന്ധിതമായി തീർക്കുക എന്നതുകൂടിയാണ് വർക്കിംഗ് കലണ്ടർ കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയൊരു കലണ്ടർ സമയമെടുത്ത് ചർച്ച ചെയ്ത് കൊണ്ടുവന്നാൽ ഭാവിയിൽ ഒരു ക്രമീകരണം വരുത്താൻ സാധിക്കും. എം.എൽ.എ.-മാർക്ക് ഉൾപ്പെടെ ഓരോ പ്രവൃത്തിയും നിരീക്ഷിക്കുവാനുള്ള നേരത്തെ പ്രഖ്യാപിച്ച സംവിധാനംകൂടി വന്നുകഴിഞ്ഞാൽ നമുക്കൊരു മാറ്റം ഉണ്ടാക്കാൻ സാധിക്കും. ആ നിലയിലേയ്ക്ക് ഒരു വർക്കിംഗ് കലണ്ടർ എന്നുള്ള സംവിധാനം കേരളത്തിന്റെ കാലാവസ്ഥയുടെ പ്രത്യേകതകൾ കൂടി

കണക്കിലാക്കിക്കൊണ്ട് ഫിക്സ് ചെയ്ത് പോകാനും ഭാവിയിൽ കേരളത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നടക്കുന്ന ഒരു രീതിയുണ്ടാക്കുവാനും സാധിക്കും എന്നുതന്നെയാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്. അധികം വൈകാതെ വർക്കിംഗ് കലണ്ടർ നടപ്പിലാക്കി പ്രഖ്യാപിക്കാനാവും.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ കാര്യക്ഷമതയോടുകൂടി ഇടപെട്ടുകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള ഇടപെടലുകൾ വളരെ കൃത്യമായിട്ടും സമയബന്ധിതമായും നടത്തുന്നുണ്ട് പക്ഷേ അതിന്റെ ഗുണം അതാത് പ്രദേശത്ത് ലഭിക്കുന്നില്ല. പ്രത്യേകിച്ച് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ തലശ്ശേരി, വളവുപാറ, കൂർഗ് റോഡ് തുടങ്ങിയവയുടെ നിർമ്മാണം ഒച്ചിന്റെ വേഗതയിലാണ് മുമ്പോട്ടുപോകുന്നത്. ഓവുചാലുകളുടെയും ബസ് ഷെൽറ്റർ, ട്രാഫിക് ഐലന്റ് അടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഈ നിർമ്മാണ പ്രവൃത്തികളും പാലങ്ങളുടെ നിർമ്മാണത്തിനുള്ള ലാന്റ് അക്വസിഷൻ നടപടികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് ഒരു പ്രധാന ആവശ്യമാണ്. പലതും വൈകിപ്പോകുന്നു എന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട കെ. പി. മോഹനൻ ഇവിടെ പറഞ്ഞിട്ടുള്ള പ്രവൃത്തി തലശ്ശേരി മണ്ഡലത്തിന്റെ ഭാഗമാണ് ഒപ്പം കൂത്തുപറമ്പ്, പേരാവൂർ മട്ടന്നൂർ ഒക്കെ കണക്ട് ചെയ്യുന്നതാണ്. ഞാൻ അവിടെ പോയിരുന്നു. തലശ്ശേരി എം.എൽ.എ.യും മറ്റ് എം.എൽ.എ.-മാരും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിൽ തടസ്സം ഉണ്ടായത് പരിശോധിച്ച് ഇടപെടൽ നടക്കുന്നുണ്ട്. മറ്റ് വകുപ്പുകൾകൂടി ബന്ധപ്പെട്ട ചില പ്രയാസങ്ങളുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയാണെങ്കിലും ലാന്റ് അക്വിസിഷൻ, അതുപോലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ഭാഗമായി ഇലക്ട്രിസിറ്റി പോസ്റ്റ്, വാട്ടർ പൈപ്പ് തുടങ്ങിയ പ്രശ്നങ്ങളുണ്ട്. ഇതൊക്കെ ജനങ്ങൾക്കുവേണ്ടിയാണ്. ഇപ്പോൾ കുടിവെള്ളം വേണ്ട എന്ന് പറയാൻ സാധിക്കില്ല. ടാർ ചെയ്ത റോഡ് കുത്തിപ്പൊളിക്കേണ്ടിവരുന്നു. അതുപോലെ ഇലക്ട്രിസിറ്റിയും. ഇതിനൊരു കോ-ഓർഡിനേഷൻ എന്നുള്ള നിലയിൽ ഇപ്പോൾ മന്ത്രിമാരുമായി ചർച്ച നടത്തുന്നുണ്ട്. നല്ല പോസിറ്റീവ് അപ്രോച്ചാണ് വരുന്നത്. ഇതിനൊരു പരിഹാരം കാണാനാണ് ഓരോ

ജില്ലയിലും എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) കൺവീനറും കളക്ടർ ചെയർമാനുമായ ഡി.ഐ.സി.സി. എല്ലാ മാസവും മീറ്റിംഗ് നടത്തുന്നുണ്ട്. ആ മീറ്റിംഗിൽ എല്ലാ വകുപ്പുകളിലുമുള്ളവരുമായും കാര്യങ്ങൾ ചർച്ച ചെയ്യുന്നു. നല്ലൊരു മാറ്റം ഇപ്പോൾ വരുന്നുണ്ട്. ഡി.ഐ.സി.സി. പോലെതന്നെ പി.ഡബ്ല്യൂ.ഡി. മിഷൻ ടീമിന്റെ മീറ്റിംഗും ഉണ്ട്. രണ്ട് നോഡൽ ഓഫീസർമാരെ നിയോഗിച്ച് അവർക്ക് ഏഴേഴ് ജില്ലകളുടെ ചുമതല വീതിച്ച് നൽകി. ഒരാൾ അഡീഷണൽ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന ശ്രീ. സാംബശിവ റാവു, മറ്റൊരാൾ ശ്രീ. സുഹാസ് ഐ.ഐ.എസ്. ആണ്. ഡി.ഐ.സി.സി. സംവിധാനത്തിന്റെ നോഡൽ ഓഫീസർമാരായി ഏഴ് ജില്ലകളുടെ ചുമതല ഏറ്റെടുത്തുകഴിഞ്ഞ് രണ്ട് മാസം പ്രവൃത്തി നടന്നു, പി.ഡബ്ല്യൂ.ഡി സെക്രട്ടറി അത് പരിശോധിക്കുന്നുണ്ട്. എവിടെയൊക്കെയാണ് ഇത്തരം തടസ്സങ്ങൾ എന്നറിയാൻ രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പരിശോധിച്ച് പോയിന്റ് ചെയ്ത് പോകുന്നു. അതിൽ നല്ല മാറ്റമാണ് വരുന്നത്. ഇനിയും ഏറെ മാറ്റങ്ങൾ വരേണ്ടതുണ്ട്. ഓരോ ജില്ലയിലെയും ഓരോ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹരിച്ച് പോകണമെന്നുതന്നെയാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

കാലതാമസം പരിഹരിക്കപ്പെടേണ്ടതാണ് ആ നിലയിൽത്തന്നെ മുന്നോട്ടുപോകാം.

മി.സ്പീക്കർ: സഭയിലെ ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങൾ ഉൾപ്പെടെ നാലിലൊന്ന് അംഗങ്ങൾ ഉപചോദ്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു ചോദ്യത്തിന് ഇപ്പോൾത്തന്നെ ഇരുപത് മിനിട്ട് സമയം എടുത്തുകഴിഞ്ഞു. അതുകൊണ്ട് ആ പരിമിതി ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, പൊതുമരാമത്ത് ജോലികളിൽ വരുന്ന കാലതാമസം സംസ്ഥാനത്തെ ഖജനാവിൽനിന്നും വർഷങ്ങളായി കോടികളുടെ ചോർച്ചയുണ്ടാക്കുകയാണ്. ഇത് വർഷങ്ങളായിട്ടുള്ള പ്രതിഭാസമാണ്. അതെങ്ങനെ പരിഹരിക്കാൻ പറ്റുമെന്നതിനെക്കുറിച്ചാണ് ഗൗരവമായി ആലോചിക്കേണ്ടത്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സ്ഥലമെടുപ്പിനുണ്ടാകുന്ന കാലതാമസം തന്നെയാണ്. പദ്ധതി ടെണ്ടർ എല്ലാം ചെയ്തുകഴിഞ്ഞിട്ടാണ് സ്ഥലം ഏറ്റെടുക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിക്കുന്നത്. സ്ഥലം ഏറ്റെടുപ്പ് രണ്ടും മൂന്നും നാലും വർഷങ്ങൾ നീണ്ടുപോകുമ്പോൾ പദ്ധതിയുടെ റേറ്റിലും, എസ്റ്റിമേറ്റിലും ഇരട്ടിയിലധികം വ്യത്യാസം വരികയാണ്. മാത്രമല്ല മഴക്കാലത്ത് ജൂൺ

മുതൽ ആഗസ്റ്റ്, സെപ്റ്റംബർ വരെയുള്ള സമയത്താണ് ഇതിന്റെ പേപ്പർ വർക്കുകൾ തീർക്കേണ്ടതും പോസ്റ്റുകളും പൈപ്പുകളും മാറ്റേണ്ടതടക്കം റോഡിന്റെ പ്രവൃത്തിക്കായ എല്ലാം ചെയ്യേണ്ടത്. കേരളത്തിലെ കാലാവസ്ഥ വ്യതിയാനം കണക്കിലെടുത്ത് ഡിസംബർ 1 മുതൽ മാർച്ച് 31 വരെയുള്ള സമയമാണ് ശരിക്കും റോഡിന്റെ വർക്ക് ചെയ്യാൻ സാധിക്കുന്ന സമയം. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ഇതിന് കൃത്യമായൊരു പ്രോട്ടോകോളും പ്രൊസീഡ്യുവറും വേണം. എത്ര സമയം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള നിർബന്ധിതമായൊരു പ്രോട്ടോകോൾ നടപ്പാക്കണം. അതുപോലെ ഈ വർഷം അലോട്ട് ചെയ്താൽ ഈ വർഷം മാർച്ച് 31-ാം തീയതിക്കുമുമ്പ് റോഡുകളുടെ ജോലികൾ കഴിയുന്നത്ര തീർക്കുന്നതിനുവേണ്ടിയിട്ടുള്ളൊരു പ്രോട്ടോകോൾ തീരുമാനിക്കാൻ PWD വകുപ്പ് മുൻകൈ എടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് പ്രധാന വിഷയമാണ്. വർക്കിംഗ് കലണ്ടർ കൊണ്ട് ഉദ്ദേശിച്ചത് അതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, സഭയിലെ തന്നെ സീനിയറായിട്ടുള്ള അംഗങ്ങൾ, മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്,

കക്ഷി നേതാക്കൾ ഇവരോക്കെയുമായി ഞാൻ ചർച്ച ചെയ്തിരുന്നു. ഇവരുടെയെല്ലാം അഭിപ്രായം കൂടി എടുത്തുകൊണ്ടാണ് വർക്കിംഗ് കലണ്ടറെന്നുള്ള സംവിധാനം മുന്നോട്ടുകൊണ്ടുവരാൻ വേണ്ടി ശ്രമിക്കുന്നത്. വളരെ പ്രസക്തമായതും നമ്മളിടപെട്ട് പരിഹരിക്കേണ്ടൊരു പ്രശ്നമാണ് അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയത്. അത് ഈ വർക്കിംഗ് കലണ്ടർ സംവിധാനത്തിലൂടെ നമ്മളെല്ലാവരും ആലോചിച്ച് പോയാൽ ഒരു പ്രോട്ടോകോളും, പ്രൊസീഡ്യുവറും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ കൂടി ചർച്ച ചെയ്തുകൊണ്ട് ചെയ്യാൻ ഭാവിയിൽ സാധിച്ചാൽ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാൻ കഴിയും. വളരെ ഗൗരവമായ ഈ വിഷയത്തെ അതേ അർത്ഥത്തിൽ തന്നെയാണ് വകുപ്പ് കാണുന്നത്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, മലയോര ഹൈവേ കർണ്ണാടക അതിർത്തിയായ നന്ദാരപ്പടവിൽ നിന്ന് തുടങ്ങി കഴിഞ്ഞ പിണറായി സർക്കാറിന്റെ കാലത്ത് അതിവേഗത്തിലാണ് പ്രവൃത്തി തുടങ്ങിയത്. ഉദുമ മണ്ഡലത്തിലേക്കെത്തിയപ്പോൾ നാല് കിലോമീറ്റർ വനത്തിനുള്ളിലൂടെയാണ്. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട്

റോഡ് നിർമ്മാണം അവിടെ നിലച്ചിരിക്കുകയാണ്. അതിൽ രണ്ട് പാലമുണ്ട്. റോഡിന്റെ പ്രവൃത്തി നിലച്ചുവെന്ന് മാത്രമല്ല അവിടെ ഗതാഗത യോഗ്യവുമല്ല. വനം വകുപ്പിന് റോഡിന് വിട്ടുനൽകുന്നതിന് പകരം ഭൂമി നൽകണമെന്നാണ് പറയുന്നത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകി മലയോര ഹൈവെയുടെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ ഇവിടെ പറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. മലയോര ഹൈവ വിവിധ ജില്ലകൾ വേർതിരിച്ചൊരു സെക്ടറാക്കിയാണ് ഇപ്പോൾ നിർമ്മാണം നടക്കുന്നത്. ഇന്നലെ ആക്സിലറേറ്റ് PWD-യുടെ ഭാഗമായി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ നാല് ജില്ലകളിലെ മലയോര ഹൈവേ, കോസ്റ്റൽ ഹൈവേ എന്നിവയുടെ മീറ്റിങ്ങ് നടത്തിയിരുന്നു. കാസർഗോഡ്, കണ്ണൂർ ഒരു ബ്ലോക്കായിട്ടായിരുന്നു. അതിന്റെ മീറ്റിങ്ങ് നേരത്തെ നടത്തിയിരുന്നു. ഈ പറയുന്ന പ്രശ്നം ശ്രദ്ധയിലുണ്ട്. അത് പരിഹരിക്കണം. മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഒരു തവണ

സംസാരിച്ചിരുന്നു. ഒരു മീറ്റിംഗ് ഇതുമായി ബന്ധപ്പെട്ട് വീണ്ടും വിളിച്ചു ചേർക്കാം. വളരെ പ്രധാനപ്പെട്ട വിഷയമാണ്. ആ നിലയിൽത്തന്നെ ഇതിനെ കാണാം. കേരളത്തിന്റെ ഭാവിയെന്നുള്ള നിലയിൽ ഏറെ സാദ്ധ്യതയുള്ള മലയോര ഹൈവേക്ക് തടസ്സമായി നിൽക്കുന്ന വനം വകുപ്പുമായി ബന്ധപ്പെട്ട ഇഷ്യൂസ് അത് കാസർഗോഡ് ജില്ലയിൽ മാത്രമല്ല നമ്മളിപ്പോൾ പറഞ്ഞ പല സ്ഥലങ്ങളിലുമുണ്ട്. അത് ആ അർത്ഥത്തിൽ തന്നെ എടുത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഒരു ചർച്ച നടത്തി പരിഹരിക്കാവുന്ന രീതിയിലേയ്ക്ക് ഇടപെടാം.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, പലപ്പോഴും സഭയിൽ വന്നൊരു കാര്യമാണ്. റോഡ് നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞതിനുശേഷമാണ് വാട്ടർ അതോറിറ്റി, ടെലഫോൺ കേബിൾ എന്നിവയ്ക്കായി റോഡ് കുഴിക്കുന്നത്. മനോഹരമായി റോഡ് പൂർത്തീകരിച്ച് കഴിഞ്ഞ് ഒരാഴ്ച കഴിയുമ്പോഴേക്കും കുഴിക്കും. പിന്നെ ആ റോഡ് അങ്ങനെതന്നെ കിടക്കുകയും ഒരു പരിഹാരമുണ്ടാകാതിരിക്കുകയും ചെയ്യും. വാട്ടർ അതോറിറ്റിയാണ് റോഡ് മുറിക്കുന്നതെങ്കിൽ അതിന്റെ ടെസ്റ്റ് എല്ലാം കഴിഞ്ഞ് ധാരാളം സമയമെടുക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ വകുപ്പുകൾ

തമ്മിൽ ഒരു ഏകോപനം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികളുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. കെ. പി. എ. മജീദ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് പ്രധാനപ്പെട്ടൊരു വിഷയം തന്നെയാണ്. നേരത്തെയും നമ്മൾ ഇത് ചർച്ച ചെയ്തിരുന്നു. ഞാൻ ഇപ്പോൾ അടുത്ത് പത്തനംതിട്ട ജില്ലയിൽ ശബരിമലയുമായി ബന്ധപ്പെട്ടൊരു മീറ്റിംഗ് വിളിച്ചു ചേർത്തിരുന്നു. ആ മീറ്റിംഗിലും ഈ വിഷയം വന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു സർക്കാർ ഉത്തരവുണ്ട് . ആ സർക്കാർ ഉത്തരവ് തന്നെ വാട്ടർ അതോറിറ്റി അതുപോലെ പൊതുമരാമത്ത് വകുപ്പും ജോയിന്റായി നടത്തിയിട്ടുള്ള ചർച്ചയുടെ ഭാഗമായിട്ടുള്ള ഉത്തരവാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ടൊരു പ്രശ്നമാണിത്. പൊതുമരാമത്ത് വകുപ്പിന്റെ നല്ല വൃത്തിയിലുള്ള റോഡുകൾ ടാറിംഗ് കഴിഞ്ഞ് പിറ്റേ ദിവസം തന്നെ കാത്തുനിൽക്കുന്നതുപോലെ നിന്ന് കുത്തിപ്പൊളിക്കുന്നതാണ് സ്ഥിതി. യഥാർത്ഥത്തിൽ ഇത് പൊളിക്കുന്നവർ തന്നെ അതിന്റെ പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. 2017-ൽ ആണ് സർക്കാർ ഉത്തരവ് ഇറങ്ങിയതെന്ന് തോന്നുന്നു. ഞാൻ ആ ഉത്തരവ് പൂർണ്ണമായും വായിച്ചു. പക്ഷേ, അങ്ങനെയല്ല നിലവിൽ നടക്കുന്നത്.

കുത്തിപ്പൊളിച്ചവർ കുത്തിപ്പൊളിച്ചു പോകും. അത് മെയിന്റയിൻ ചെയ്യുന്ന കാര്യത്തിൽ പ്രശ്നങ്ങൾ വരുന്നു. അത് നോക്കേണ്ട പൊതുമരാമത്ത് ഉദ്യോഗസ്ഥരും നോക്കുന്നൊരു സ്ഥിതി വരുന്നില്ല. ഇതൊരു ഇഷ്യു ആണ്. ഈ ഇഷ്യു പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഞാൻ മഞ്ചേരി ടൗണിൽ പോയപ്പോൾ ബഹുമാനപ്പെട്ട മഞ്ചേരി എം.എൽ.എ എവിടെയുണ്ട്. രണ്ട് ഭാഗവും പൊളിഞ്ഞു കിടക്കുന്നു. ഇത് പരിഹരിക്കാൻ ടെക്നോളജിയിലൂടെയേ സാധിക്കൂ. ടെക്നോളജിയിലൂടെ മറ്റ് ചില രാജ്യങ്ങൾ ചെയ്യുന്നതുപോലുള്ള സംവിധാനം, ഒരു പോർട്ടൽ വേണം. ആ പോർട്ടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഒരു പരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് അത് മുന്നോട്ട് കൊണ്ടുവന്നതാണ്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയോട് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ചിരുന്നു. ആ പോർട്ടലിലൂടെ ഓരോ വകുപ്പും അവർ നടത്തുന്ന പ്രവൃത്തി രജിസ്റ്റർ ചെയ്യുക. ആ രജിസ്ട്രേഷന്റെ ഭാഗമായി ക്ലാഷ് ഒഴിവാക്കികിട്ടാൻ ഭാവിയിൽ സാധിക്കും. ഭാവിയിൽ ചില വർക്കുകൾ അങ്ങനെയാണ് ചെയ്യുന്നത്. പക്ഷേ ഈ പോർട്ടൽ അനിവാര്യമാണ്. അത് ലംഘിച്ചു പോകുമ്പോൾ സൂപ്പർ ഫൈൻ ഉൾപ്പെടെ നമുക്ക് കൊണ്ടുവരാൻ

കഴിയണം. അങ്ങനെ കൊണ്ടുവന്നാൽ അത് പരിഹരിക്കാം. നിലവിൽ ഒരു റോഡ് ടാർ ചെയ്തത് കുഴിക്കണമെങ്കിൽ, വാട്ടർ അതോറിറ്റിയെ തടയാൻ സാധിക്കില്ല. അത് ജനങ്ങളുടെ ആവശ്യമാണ്. ജനപ്രതിനിധികൾ തന്നെ റെക്കമെന്റേഷനും മറ്റുമായി വരുന്നത് സ്വാഭാവികമാണ്. കാരണം ജനങ്ങളുടെ പ്രശ്നമാണ്, കുടിവെള്ളമാണ്. അപ്പോൾ പൊളിക്കേണ്ടി വരുന്നു. ഞങ്ങൾ ഈ മഴക്കാലത്ത് അനുവദിച്ചിരുന്നില്ല, ഇപ്പോൾ വീണ്ടും തുടങ്ങി. പൊളിക്കുന്നവർ തന്നെ അത് വൃത്തിയിൽ പ്രവൃത്തി നടത്തണമെന്നുള്ള സർക്കാറിന്റെ മുൻ ഉത്തരവ് പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കണം. പക്ഷേ ശാശ്വത പരിഹാരം അത് ടെക്നോളജിയിലൂടെ മാത്രമേ സാധിക്കൂ. ഒരു പോർട്ടൽ സംവിധാനം നമുക്ക് ഭാവിയിൽ കൊണ്ടുവരണം. എല്ലാ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ട് തീർച്ചയായും ഒരു ചർച്ചയിലൂടെ നമുക്ക് നടപ്പിലാക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതൊരിക്കൽ പ്രഖ്യാപിച്ചതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല തൊട്ടടുത്ത തൃക്കരിപ്പൂർ നിയോജകമണ്ഡലമുൾപ്പെടെ രണ്ട് മണ്ഡലവുമായി ബന്ധപ്പെട്ട് കിടക്കുന്ന നീലേശ്വരം-ഇടത്തോട് റോഡ്, ബഹുമാനപ്പെട്ട മന്ത്രി

സൂചിപ്പിച്ച വർക്കിംഗ് കലണ്ടറും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമെല്ലാം വളരെ സ്വാഗതാർഹമാണ്. ഇത് ടെണ്ടർ ചെയ്ത് നടപടികൾ ആരംഭിച്ച് ഇടക്കാലത്ത് ഏറ്റെടുത്ത കോൺട്രാക്ടർ ഉപേക്ഷിച്ച് പോയതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള വിഷയങ്ങൾ വളരെ വലുതാണ്. നാട്ടുകാർക്ക് വഴി നടക്കാൻ കഴിയാത്ത അവസ്ഥ പോലുമുണ്ടായതാണ്. ഏതായാലും ഗവൺമെന്റ് അത് ഏറ്റെടുത്ത് പുതിയ ആളിനെ ചുമതലയേൽപ്പിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പക്ഷേ അവിടത്തെ ലാന്റ് അക്വിസിഷൻ, പ്രത്യേകിച്ച് നീലേശ്വരം ഭാഗത്തുള്ള 136 ഓളം കെട്ടിടങ്ങളുടെ വാല്യുവേഷനൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ഇപ്പോൾ നിശ്ചയിക്കപ്പെട്ട സമയത്തെങ്കിലും അത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്രസ്തുത വിഷയം പ്രത്യേകം പരിശോധിച്ച് ഇടപെടാം. പൊതുവെ ഇവിടെ പറഞ്ഞതുപോലെ ഒരു കരാർ എടുത്തുകഴിഞ്ഞ് അത് പ്രാവർത്തികമാക്കുന്നതിന് തടസ്സം വന്നാൽ, മാനുവൽ പ്രകാരം നിലപാടെടുക്കുമ്പോൾ, പലപ്പോഴും ടെർമിനേഷനിലേയ്ക്ക് എത്തുമ്പോൾ എല്ലാവരും ഒന്ന് ചിന്തിക്കും. അത് എം.എൽ.എ.-മാരായാലും

പൊതുവെ ചിന്തിക്കുന്ന പ്രശ്നമാണ്. ശേഷം ആ പ്രവൃത്തി അവിടെ കിടക്കുകയാണ്. ടെർമിനേറ്റ് ചെയ്യപ്പെട്ട പ്രവൃത്തിയുടെ ബാക്കി ജോലികൾക്കായി റീ-ടെണ്ടറിംഗ് നടത്താൻ മാസങ്ങളും വർഷങ്ങളുമെടുക്കുമെന്നുള്ളത് വസ്തുതയാണ്. ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം അതിന്റെ ഭാഗമായി എത്ര പ്രയാസമുണ്ടെങ്കിലും ടെർമിനേഷനിലേയ്ക്ക് എത്തുമ്പോൾ ശങ്കിക്കുന്ന സ്ഥിതിയാണ്. ഇതിന് പരിഹാരം ആവശ്യമാണ്. റീ-ടെണ്ടറിംഗിന്റെ സമയം നിശ്ചയിക്കണം. ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചതിന്റെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ ടെർമിനേഷൻ നടത്തി. ആ റീ-ടെണ്ടറിംഗ് ഒരാഴ്ചയ്ക്കുള്ളിലാണ് നടന്നത്. ഇങ്ങനെ നടപ്പിലാക്കാൻ കഴിയുന്ന ഒരു സംവിധാനമുണ്ട്. അങ്ങനെയാകുമ്പോൾ കരാറുകാർ കൃത്യമായി പ്രവൃത്തി നടത്തും. ടെർമിനേഷൻ എന്നുള്ളത് ഭയത്തോടെ കാണാതെ ടെർമിനേറ്റ് ചെയ്യപ്പെടാതെതന്നെ പ്രവൃത്തി നടക്കുകയും, ടെർമിനേറ്റ് ചെയ്യപ്പെടേണ്ടി വന്നാൽ ഉടൻതന്നെ ബാക്കി പ്രവൃത്തികൾക്കുള്ള റീ-ടെണ്ടറിംഗിന് അധികം സമയം വരാത്ത സ്ഥിതിയുമുണ്ടാകും. ആ ഒരു സംവിധാനം നമുക്ക് നടപ്പിലാക്കണം. അത് എല്ലാവരുംകൂടി ചർച്ചചെയ്ത് പരിഹരിക്കാൻ

കഴിയണം. അതുപോലെ ഡിസൈനുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്ത് പരിഹരിക്കപ്പെടണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം പട്ടണത്തിലെ കോടിമത പാലത്തെ സംബന്ധിച്ച് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചതിന് അങ്ങ് പോസിറ്റീവായി മറുപടി പറഞ്ഞിരുന്നു. അതിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് പോകണമെന്നുള്ളതാണ് എന്റെ പ്രാഥമികമായ അഭിപ്രായം. കിഫ്ബി പദ്ധതി രൂപീകൃതമായിട്ട് നാലഞ്ച് വർഷമായി. ഇത്രയും വർഷം കഴിഞ്ഞിട്ടും ഒന്നും ചെയ്യാത്ത ചില വർക്കുകളുണ്ട്. എന്റെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നിയോജകമണ്ഡലങ്ങളായ പുതുപ്പള്ളിയെയും കോട്ടയത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 140 കോടി രൂപയുടെ ഒരു പദ്ധതിക്ക് മുമ്പ് ഉത്തരവ് വന്നതാണ്. പക്ഷേ അതിന് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. വെള്ളൂത്തുരുത്തി പാലവും ബോർമക്കവല റോഡും കിഫ്ബിയിലെ പ്രോഗ്രാമുകളായിരുന്നു. അത് നടക്കുമെന്ന പ്രതീക്ഷയോടുകൂടി നാലഞ്ചുകൊല്ലം കാത്തിരുന്നു. അങ്ങ് ഇക്കാര്യത്തിന് മുൻഗണന കൊടുത്ത് കഴിയുന്നത്രയും വേഗം അതിന്റെ പ്രാഥമിക നടപടികളിലേയ്ക്ക് എത്തുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, രണ്ട് വിഷയങ്ങളാണ് അങ്ങ് പറഞ്ഞത്. പാലവുമായി ബന്ധപ്പെട്ട കാര്യത്തിൽ ചർച്ച നടത്തി തുടർനടപടികൾ എടുത്തത് അങ്ങ് അറിയാത്തതാണ്. ചീഫ് എഞ്ചിനീയറോട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ഉടനെ ഒരു സിറ്റിംഗ്കൂടി നടത്താം. കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇപ്പോൾ പരിഹരിച്ചുപോകുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി അതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി മാസത്തിലൊരിക്കൽ കിഫ്ബിയുമായി സിറ്റിംഗ് നടത്തുന്നു. അപ്പോൾ കിഫ്ബി പ്രവൃത്തികളിലെ പ്രയാസങ്ങൾ അല്ലെങ്കിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ മുന്നോട്ടുവരാത്തതിന്റെ പ്രശ്നങ്ങളൊക്കെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അതിന്റെ ഭാഗമായാണ് പുതിയ സ്റ്റോപ്പ് മെമ്മോകൾ നൽകരുതെന്നുള്ള തീരുമാനമെടുത്തിട്ടുള്ളത് എന്നുകൂടി സഭയെ അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. ഓരോ മാസവും നടക്കുന്ന യോഗങ്ങളിൽ എം.എൽ.എ.-മാർ മുന്നോട്ടുകൊണ്ടുവരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ട് പോകാം. ഇവിടെ പറഞ്ഞ രണ്ട് കേസുകളും പോസിറ്റീവായി എടുത്ത് മുന്നോട്ട് പോകാമെന്ന് അറിയിക്കുകയാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, റേറ്റ് പുതുക്കി നിശ്ചയിക്കുമ്പോൾ ആകെ എസ്റ്റിമേറ്റിൽ മാറ്റമുണ്ടാകും, അതിന്റെ ബാക്കി ഫണ്ട് ഇതിനോടൊപ്പം നൽകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അതുമായി ബന്ധപ്പെട്ട കാര്യം പരിശോധിച്ച് പറയാവുന്നതാണ്.

## <u>വിദ്യാകിരണം പദ്ധതി</u>

(*542) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന നടപടി പ്രതിസന്ധിയിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ലാപ്ടോപ്പോ മറ്റ് പഠനോപകരണങ്ങളോ ഇല്ലാത്ത കുട്ടികൾക്ക് അടിയന്തരമായി ഇത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യാകിരണം പദ്ധതിയുടെ ടെണ്ടർ നടപടികൾ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സാധ്യമായ എല്ലാ ബദൽ സംവിധാനങ്ങളും സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയിരുന്നു. 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സിലൂടെ 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചിരുന്നു. 2021 ജൂണിൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം ഓൺലൈൻ ക്ലാസുകളും ആരംഭിക്കുന്നതിന് തീരുമാനിക്കുകയും കൈറ്റ് സജ്ജമാക്കിയ ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചിട്ടയോടുകൂടിയ ഓൺലൈൻ പഠനം ഘട്ടംഘട്ടമായി ആരംഭിക്കുകയും ചെയ്തു. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്തത് ഓൺലൈൻ പഠനത്തെ ഒരു തരത്തിലും

ബാധിക്കാൻ പാടില്ലെന്ന് നിർബന്ധമുള്ളതിനാലാണ് ഓൺലൈൻ പഠനം എല്ലാ വിഭാഗം കുട്ടികൾക്കും ഒരുപോലെ ലഭ്യമാക്കുന്നതിന് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സമൂഹ സഹായത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 2021 ജൂലൈ അവസാനം ഉണ്ടായിരുന്നത് 4.7 ലക്ഷം ആയിരുന്നു. 'വിദ്യാകിരണം' പദ്ധതി ആരംഭിച്ചതോടുകൂടി സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 3.7 ലക്ഷമായും നവംബർ ആദ്യം 3.53 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 36999 ആണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽനിന്ന് വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിന് പകരം വിദ്യാശ്രീ പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾവഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തുകയും 45313 ലാപ്ടോപ്പ് വിദ്യാകിരണം

പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്ന് മുതൽ പന്ത്രണ്ടുവരെയുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) സ്വീകരിക്കും. കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് സാധ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുതും അത് എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കിയതും. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിനായി ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ക്ലാസുകളും ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 45313 ലാപ്ടോപ്പുകളാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി ഇപ്പോൾ വിതരണം

ചെയ്യുന്നത്. കുട്ടികളുടെ ഉപയോഗത്തിനായി അവർ പഠിക്കുന്ന സ്കൂളുകൾക്ക് ലാപ്ടോപ്പുകൾ നൽകുകയും പിന്നീട് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രൂപത്തിൽ ഉപകരണങ്ങൾ നൽകുന്ന സംവിധാനവുമാണുള്ളത്. അതുകൊണ്ടുതന്നെ പൊതുവായി (മറ്റ് കുട്ടികൾക്കുകൂടി ആവശ്യമുള്ള പക്ഷം) ഇത്തരം ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ട എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്.

(സി) വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട പഠനോപകരണങ്ങൾക്ക് (ലാപ്ടോപ്പ് ബേസ് മോഡൽ, ലാപ്ടോപ്പ് ഹൈഎൻഡ് മോഡൽ, ടാബ്ലറ്റ്, ക്രോം ബുക്ക്) CPRCS (Centralized Procurement and Rate Contract System) പോർട്ടൽ മുഖേന വില നിശ്ചയിച്ചു നൽകുന്നതിനായി ഐ.ടി. മിഷൻ രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ ആദ്യ ടെണ്ടറിൽ 2 കമ്പനികൾ മാത്രമേ പങ്കെടുത്തുള്ളൂ എന്നതിനാൽ രണ്ടാമതും ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ മുൻനിര ലാപ്ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക

അധികമായതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ഉത്തരം ശ്രദ്ധയോടെ ഒന്നുകൂടി വായിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. കാരണം, 'വിദ്യാകിരണം' പദ്ധതി മുഖേന ലാപ്ടോപ് വിതരണം ചെയ്തത് സംബന്ധിച്ചാണ് ചോദ്യം. അതിൽ 'വിദ്യാശ്രീ' പദ്ധതിവഴി വിതരണം ചെയ്ത ലാപ്ടോപ് തിരികെവാങ്ങി ലൈബ്രറിവഴി നൽകിയതിന്റെ എണ്ണവും 'വിദ്യാ കിരണം' പദ്ധതിയിലൂടെ വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ എണ്ണവും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് കൈറ്റ് വഴി നൽകിയ ലാപ്ടോപ്പുകളുടെ എണ്ണവും 45313 ആണ്. ഇതിൽ വിദ്യാശ്രീ പദ്ധതിവഴിയും വിദ്യാകിരണം പദ്ധതിവഴിയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് വഴിയും എത്ര ലാപ്ടോപ്പുകൾവീതം വിതരണം ചെയ്തുവെന്നതിന്റെ കണക്ക് കൃത്യമായി പറയുന്നില്ല. മറുപടിയിൽ പറഞ്ഞത്, വിദ്യാശ്രീ പദ്ധതി വഴി കൊടുത്ത ലാപ്ടോപ് തിരികെയെടുത്തത് കൈറ്റ് വഴി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ടെന്നാണ്. വിദ്യാകിരണം പദ്ധതി വഴി കൊടുത്തതും ഇതുതന്നെയാണ്. വിദ്യാകിരണം പദ്ധതി വഴി സംസ്ഥാനത്ത്

എത്ര ലാപ്ടോപ് വിദ്യാഭ്യാസ വകുപ്പ് കൊടുത്തിട്ടുണ്ടെന്ന് കൃത്യമായി മറുപടി നൽകാൻ കഴിയുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വിദ്യാകിരണം പദ്ധതിയിൽ വിവിധ കോണുകളിൽനിന്നുള്ള സഹായ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ ഓൺലൈനായും നേരിട്ടും ശേഖരിച്ചുവരികയാണ്. വ്യവസായികൾ, പ്രവാസികൾ എന്നിവരിൽനിന്നാണ് കാര്യമായ സഹായം പ്രതീക്ഷിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ആറ് യോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ടുനടത്തി. ജൂൺ ആദ്യവാരം വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചുചേർത്തു. 2021 ജൂലൈ മാസം അവസാനം നമുക്ക് ആവശ്യമായിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം അല്ലെങ്കിൽ മറ്റ് ഉപകരണങ്ങളുടെ എണ്ണം 4.7 ലക്ഷമാണ്. വിദ്യാകിരണം പദ്ധതി ആരംഭിച്ചതോടുകൂടി സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ഇടപെടൽമൂലം സെപ്റ്റംബർ മാസം 15-ാം തീയതിയോടുകൂടി അത് 3.7 ലക്ഷമായും നവംബർ ആദ്യവാരത്തോടുകൂടി 3.59 ലക്ഷമായും കുറഞ്ഞു. വിദ്യാകിരണം പദ്ധതിയുടെ ഇടപെടൽമൂലമാണ്

4.7 ലക്ഷമെന്നത് 3.53 ലക്ഷമായി കുറഞ്ഞത്. വിദ്യാശ്രീ പദ്ധതിയിൽ 45313 ലാപ്ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് വിദ്യാകിരണം പദ്ധതിയുടെ ആദ്യഘട്ടമായാണ് നൽകിയിട്ടുള്ളത്. ഇതിൽ സംശയത്തിന്റെ പ്രശ്നം കാണുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെയുള്ളവർക്ക് ഇങ്ങനെയൊരു സംശയം വരേണ്ട കാര്യമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംശയത്തിന്റെ പ്രശ്നമുണ്ട്. കാരണം, എന്റെ ചോദ്യത്തിന്റെ പിരിവ്-മൂന്ന് (സി) പരിശോധിക്കണം. വിദ്യാകിരണം പദ്ധതിയുടെ ടെണ്ടർ നടപടികളെക്കുറിച്ചാണ് മൂന്നാമത്തെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം ജൂലൈയിൽ 4.7 ലക്ഷം ആയിരുന്നത് വിദ്യാകിരണം പദ്ധതി ആരംഭിച്ചതിനുശേഷം 3.7 ലക്ഷമായി കുറഞ്ഞെന്നാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് വിദ്യാകിരണം പദ്ധതിയിലൂടെ ഒരു ലക്ഷം ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നാണ്. ആദ്യത്തെ ടെണ്ടറിൽ രണ്ടുപേർ മാത്രം പങ്കെടുത്തതുകൊണ്ടും രണ്ടാമത്തെ ടെണ്ടറിൽ കമ്പനികൾ കൂടിയ തുക ക്വാട്ട് ചെയ്തതുകൊണ്ടും അംഗീകരിച്ചില്ലെന്നും മൂന്നാമത്തെ ടെണ്ടർ നടപടികളെക്കുറിച്ച്

ആലോചിക്കുകയാണെന്നുമാണ് പിരിവ് (സി)-യിൽ പറയുന്നത്. ഈ പദ്ധതി ആരംഭിച്ചിട്ടില്ലെന്നും ഈ പദ്ധതി കാരണം ഒരു ലക്ഷം ലാപ്ടോപ്പ് നൽകിയെന്നും ഉത്തരത്തിൽ പറയുന്നു. ഇതിൽ ഏത് വിശ്വസിക്കണം?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ഈ പദ്ധതിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടത്തിയിട്ടുണ്ട്. ടെണ്ടർ ചെയ്താൽ മാത്രമേ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളൂ. വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട പഠനോപകരണങ്ങൾക്ക് (ലാപ്ടോപ്പ് ബേസ് മോഡൽ, ലാപ്ടോപ്പ് ഹൈഎൻഡ് മോഡൽ, ടാബ്ലെറ്റ്) CPRCS (Centralized Procurement and Rate Contract System) പോർട്ടൽ മുഖേന വില നിശ്ചയിച്ചു നൽകുന്നതിനാണ് ഐ.ടി. മിഷൻ രണ്ട് തവണ ടെണ്ടർ ചെയ്തത്. ആദ്യ ടെണ്ടറിൽ രണ്ട് കമ്പനികൾ മാത്രമേ പങ്കെടുത്തുള്ളൂ. അതുകൊണ്ട് രണ്ടാമതും ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ മുൻനിര ലാപ്ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക അധികമായതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

സംസ്ഥാനത്തിന്റെ പണം കൂടുതൽ നഷ്ടപ്പെടാതിരിക്കാനാണ് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജൂലൈ 25 വരെ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം 472445 കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ പശ്ചാത്തലത്തിലാണ് 2021 ആഗസ്റ്റ് 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാകിരണം പദ്ധതി പ്രഖ്യാപിച്ചത്. സാമൂഹ്യ പങ്കാളിത്തത്തോടെയും കമ്പനികളുടെ സി.എസ്.ആർ.- ഫണ്ട് ഉപയോഗിച്ചും മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പ്, ബേസ് മോഡൽ ലാപ്ടോപ്പ്, ഹൈഎൻഡ് മോഡൽ ലാപ്ടോപ്പ്, ക്രോം ബുക്ക്, ടാബ്‌ലെറ്റ് തുടങ്ങിയ പഠനോപകരണങ്ങൾ നൽകാനാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. ഏതാണ്ട് ഒരു ലക്ഷത്തോളം കുട്ടികൾക്ക് ഇത് ലഭ്യമായിട്ടുണ്ടെന്ന് അങ്ങുപറഞ്ഞു. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലുള്ള കൺഫ്യൂഷനുമുണ്ട്. എന്റെ ചോദ്യം, ഏകദേശം 700 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിക്കായി സാമൂഹ്യപങ്കാളിത്തത്തോടെ എത്ര രൂപ ശേഖരിച്ചു; ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി മുഴുവൻ കുട്ടികൾക്കും പഠനോപകരണങ്ങൾ

കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചത്. ഡിസംബർ മാസത്തിനുള്ളിൽ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഏകദേശം 700 കോടി രൂപ ഇതിന് ആവശ്യമായി വരും. വിദ്യാകിരണം പദ്ധതി വന്നതിനുശേഷം സമൂഹത്തിലെ പ്രമുഖരുടെയും സാമ്പത്തികശേഷിയുള്ളവരുടെയും വിദ്യാഭ്യാസ രംഗത്ത് തൽപരരായവരുടെയുമെല്ലാം യോഗം ചേർന്നു. അവരിൽ നിന്നെല്ലാം ഫണ്ട് ശേഖരിച്ചാൽ മാത്രമേ ടി പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ ഒരു പ്രത്യേക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ ഈ പദ്ധതിമായി ബന്ധപ്പെട്ട 6 യോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് സംഘടിപ്പിക്കുകയും ചെയ്തു. 6 യോഗങ്ങൾ സംഘടിപ്പിച്ചെങ്കിലും ആളുകൾ പണം തരണ്ടേ; പിടിച്ചുവാങ്ങാൻ പറ്റുമോ? യോഗം ചേർന്ന് നമ്മുടെ ആവശ്യം പറയാമെന്നല്ലാതെ അവരുടെ കയ്യിൽനിന്ന് പിടിച്ചുവാങ്ങാൻ പറ്റില്ലല്ലോ. അങ്ങ് അത് മനസ്സിലാക്കണം,

താല്പര്യകുറവില്ല, കോവിഡ് കാലഘട്ടമാണ്. ആൾക്കാരുടെ കയ്യിൽ പണം കുറവാണ്. 6 പ്രാവശ്യം യോഗം ചേർന്നു. അതുമാത്രമല്ല ജൂൺ ആദ്യവാരം വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്തു. ഇന്റർനെറ്റ് സേവനദാതാക്കളുടെ യോഗം ചേർന്നു. അതിനുശേഷം വ്യവസായ പ്രമുഖർ, ഐ.ടി. ഇൻഡസ്ട്രി പ്രതിനിധികൾ, വിദേശ മലയാളികൾ, ജില്ലാ മേധാവികൾ എന്നിവർ ഉൾപ്പെടെയുള്ളവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തു. പദ്ധതിയിലെ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതി 6 യോഗങ്ങൾ ചേർന്നു. ഇതിൽക്കൂടുതൽ ആർക്കെങ്കിലും ചെയ്യാൻ പറ്റുമോ; ഫണ്ട് ഘട്ടംഘട്ടമായി വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അഡ്മിഷന്റെ കാര്യത്തിൽ ഉത്കണ്ഠപ്പെട്ടപ്പോൾ അതിന്റെ കാര്യമില്ലെന്നു പറഞ്ഞതുപോലെ ഇക്കാര്യത്തിലും ഒരു ഉത്കണ്ഠയുടെയും കാര്യമില്ല.

ശ്രീ. സജീവ് ജോസഫ്: സർ, പാവപ്പെട്ട കുട്ടികൾ വലിയ പ്രതീക്ഷയർപ്പിച്ച രണ്ട് ഫ്ലാഗ്ഷിപ്പ് പദ്ധതികളാണ് 'വിദ്യാകിരണം പദ്ധതിയും വിദ്യാശ്രീ പദ്ധതിയും. ഈ രണ്ട് പദ്ധതികളും സർക്കാർ

ഉദ്ദേശിച്ചതുപോലെയും പ്രഖ്യാപിച്ചതുപോലെയും ഒട്ടും പ്രയോജനപ്പെട്ടിട്ടില്ല. കൊടുത്ത ലാപ്ടോപ്പുകൾ പോലും തിരിച്ചെടുക്കേണ്ട അസാധരണ സാഹചര്യമുണ്ടായി. ഒട്ടും റീസണബിളല്ലാത്ത വീഴ്ച ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരിൽനിന്നും ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗൗരവതരമായ ഒരു പരിശോധന നടത്തുമോ; ഇതുവരെ നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ആരും കുറ്റം ചെയ്തിട്ടില്ലല്ലോ; പിന്നെ എങ്ങനെയാണ് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത്; ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരാജയമാണെന്ന് ഒരു കാരണവശാലും പറയാൻ സാധിക്കില്ല. വിദ്യാഭ്യാസ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തവരാരും ഒരു കുറ്റവും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാനും കഴിയില്ല. 2020 ജൂൺ മാസം ഒന്നുമുതൽ സംസ്ഥാനത്ത് ഡിജിറ്റൽ വിദ്യാഭ്യാസം ആരംഭിച്ചു. ജൂൺ അവസാനത്തോടെ ഏകദേശം എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഗുണം ലഭിച്ചുകഴിഞ്ഞു. 2021 ജൂൺ മാസം 1മുതൽ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം

നൽകി. ഓൺലൈൻ ജി-സ്യൂട്ട് പ്ലാറ്റ്ഫോം വഴി 8, 9, 10 ക്ലാസുകൾ ആരംഭിച്ചു. 53399 അദ്ധ്യാപകർക്കും 11.82 ലക്ഷം വിദ്യാർത്ഥികൾക്കും പ്രത്യേക ലോഗിൻ ഐ.ഡി. നൽകി. 40 ലക്ഷം ലോഗിൻ ഐ.ഡി.-കൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വിദ്യാകിരണം പദ്ധതിവഴി 1 മുതൽ 12-ാം ക്ലാസുവരെയുള്ള 36968 എസ്.സി., എസ്.ടി. കുട്ടികൾക്കും 10, 12 ക്ലാസുകളിലെ മുഴുവൻ എസ്.സി. കുട്ടികൾക്കും ലാപ്ടോപ്പ് വിതരണം നവംബർ മാസത്തോടെ പൂർത്തിയാകും. 3.44 ലക്ഷം കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമമാണ് വിദ്യാകിരണം പദ്ധതിയിലൂടെ നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ ഉത്കണ്ഠയില്ലാത്ത കേരളത്തിലെ ഒരേയൊരു വ്യക്തി അങ്ങ് മാത്രമാണ്. ഇപ്പോഴും ഫുൾ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമായിട്ടില്ലെന്നകാര്യം അങ്ങേയ്ക്ക് അറിയാമോ; ഇവിടെ അങ്ങ് നൽകിയ മറുപടിയിൽ 45313 ലാപ്ടോപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് പറയുന്നത്. അങ്ങുതന്നെ പിന്നീട് പറയുന്നു, ടെണ്ടർ ചെയ്തിട്ടില്ല, റീ-ടെണ്ടർ ചെയ്യാൻ പോകുകയാണെന്ന്.

ഇതൊക്കെ ഏത് രീതിയിലുള്ള മറുപടിയാണ്. ഇപ്പോൾ മൂന്നരലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പ് വേണമെന്ന് പറയുന്നു. എം.എൽ.എ. എന്ന നിലയിൽ ഞാൻ 300 കുട്ടികൾക്ക് മൊബൈൽ ഫോണും ഒരു കുട്ടിക്ക് ലാപ്ടോപ്പും കൊടുത്തു. ഞാൻ നൽകിയതിനേക്കാൾ കൂടുതൽ ഈ സമയംകൊണ്ട് നൽകിയ എം.എൽ.എ.-മാരാണ് ഇവിടെ ഇരിക്കുന്നത്. ഒരു ഗവൺമെന്റിനുപോലും ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. ഇങ്ങനെപോയാൽ കുട്ടികളുടെ ഭാവി എന്താകും? ഒരേയൊരു ചോദ്യം, കുട്ടികൾക്ക് ഈ ലാപ്ടോപ്പ് എന്ന് കൊടുക്കാൻ കഴിയും; ഒരു തീയതി പറയാമോ; അല്ലെങ്കിൽ എത്രനാളിനുള്ളിൽ കൊടുക്കാൻ സാധിക്കും; ഇപ്പോൾ മൂന്നരലക്ഷം കുട്ടികൾ പഠനത്തിന് യാതൊരു സൗകര്യമില്ലാതെ അനാഥരായിരിക്കുകയാണ്. അങ്ങ് നൽകിയ മറുപടിയിലെ തെറ്റുകളെല്ലാം ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു. ലാപ്ടോപ്പുകൾ എന്ന് കൊടുക്കാൻ കഴിയുമെന്ന് മാത്രം പറഞ്ഞാൽ മതി.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങനെ ഉത്കണ്ഠപ്പെടേണ്ട കാര്യമൊന്നുമില്ല. 3.44 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നതിന് വിദ്യാകിരണം പദ്ധതിവഴിയുള്ള ഫണ്ട് ശേഖരണവും അതിന്റെ

പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, വിദ്യാലയങ്ങൾ തുറന്ന് അധ്യയനം ആരംഭിച്ചല്ലോ. വിദ്യാലയങ്ങൾ 18 മാസക്കാലമായി അടഞ്ഞുകിടന്ന പ്രത്യേക സാഹചര്യത്തിലാണല്ലോ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചത്. വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നതോടൊപ്പം ഓൺലൈൻ വിദ്യാഭ്യാസവും നടത്താനാണ് ആലോചിച്ചിരിക്കുന്നത്. ഇന്ന തീയതിക്കകം 3.44 ലക്ഷം കുട്ടികൾക്കും ലാപ്ടോപ് കൊടുത്തുതീർക്കുമെന്ന് പറയാൻ അങ്ങ് വിചാരിച്ചാലും നടക്കുന്ന കാര്യമല്ല. അഡ്മിഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ 10 ശതമാനവും 20 ശതമാനവും സീറ്റ് കഴിഞ്ഞശേഷം ഇന്ന് ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ തെറ്റ് വന്നിട്ടുള്ളതുകൊണ്ട് ശരിയാക്കി വീണ്ടും പ്രസിദ്ധീകരിക്കാൻ പറഞ്ഞിട്ടുണ്ട്. നവംബർ 23-ാം തീയതി പുതിയ ബാച്ചുകൾ ആരംഭിക്കുന്നതോടെ കേരളത്തിൽ ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭിക്കുമെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. മാത്രമല്ല പ്രവേശനം ലഭിച്ചതിനുശേഷം ഏതെങ്കിലും കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയങ്ങൾക്കുവേണ്ടി മറ്റേതെങ്കിലും സ്കൂളുകളിലേയ്ക്ക് സ്ഥലംമാറി പോകണമെന്നുണ്ടെങ്കിൽ, ആ സ്കൂളിൽ

ഒഴിവുണ്ടെങ്കിൽ, ഗവൺമെന്റ് അതിന് പ്രത്യേക അനുമതി കൊടുക്കുമെന്നുള്ള കാര്യംകൂടി ഞാൻ പറയുകയാണ്. അത് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കളക്ക് ചെയ്ത് തന്നാൽ മതി.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഈ ദിവസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രത്യേകത, ഇന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജന്മദിനംകൂടിയാണ്. അദ്ദേഹത്തിന് എല്ലാവിധ ജന്മദിനാശംസകളും പ്രത്യേകമായി നേരുകയാണ്. എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാകിരണം പദ്ധതി സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രതിസന്ധികളുടെയെല്ലാം പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ എല്ലാ വിഭാഗം വിദ്യാർത്ഥികളിലും നിറഞ്ഞ സ്വീകാര്യത നേടിയ പദ്ധതിയാണിത്. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി എത്ര കുട്ടികൾക്കാണ് ഇനി ഉപകരണങ്ങൾ ലഭിക്കാനുള്ളത്; ഇവർക്ക് ഉപകരണങ്ങൾ ലഭിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് ഞാൻ പറഞ്ഞതാണ്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ 38 ലക്ഷം കുട്ടികളാണുള്ളത്. 36986 എസ്.സി. വിഭാഗം കുട്ടികൾക്കുൾപ്പെടെ 3.9 ലക്ഷം കുട്ടികൾക്കാണ് ഒക്ടോബർ മാസം അവസാനംവരെ ഓൺലൈൻ പഠനത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുണ്ടായിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ മുഴുവൻ എസ്.ടി. വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിലെ എസ്.സി. വിഭാഗം കുട്ടികൾക്കുമായി ആകെ 45313 കുട്ടികൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന 3.44 ലക്ഷം കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് വിദ്യാകിരണം പദ്ധതിയിലൂടെ നടക്കുന്നത്. ആദ്യഘട്ടത്തിനുള്ള 81.56 കോടി രൂപ സി.എം.ഡി.ആർ.എഫ്.-ൽനിന്നാണ് കണ്ടെത്തിയത്. വിദ്യാകിരണം പോർട്ടൽ വഴി സമൂഹപങ്കാളിത്തത്തോടെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ പരസ്പരമുള്ള വാദപ്രതിവാദമല്ല പ്രശ്നം. കേരളത്തിൽ ഓൺലൈൻ വിദ്യാഭ്യാസം നേടാൻ കഴിയാത്ത പട്ടികജാതി വിഭാഗത്തിലെ ആയിരക്കണക്കിന് കുട്ടികൾ നമ്മുടെ നാട്ടിലുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാർ ശ്രമിച്ചിട്ടില്ലെന്നൊന്നും

പറയുന്നില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറ് യോഗം വിളിച്ചു. കുറച്ച് ആളുകളോട് അഭ്യർത്ഥന നടത്തി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള പല കുടുംബങ്ങളിലെയും കുട്ടികൾക്ക് ഈ സൗകര്യമില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പട്ടികജാതി വകുപ്പിനെക്കൂടി ബന്ധപ്പെടുത്തിയാൽ ഈ പദ്ധതി കുറേക്കൂടി ഫലപ്രദമായി നടപ്പാക്കാൻ കഴിയും. കൈറ്റിനെക്കുറിച്ച് ധാരാളം ആക്ഷേപങ്ങളുണ്ട്. അത് ഞാൻ ഇവിടെ പറയുന്നില്ല. പട്ടികജാതി വകുപ്പിനെക്കൂടി ഉൾപ്പെടുത്തി ഈ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കണം. പല സംസ്ഥാനങ്ങളും നല്ലൊരു ശതമാനം കുട്ടികൾക്കും സൗജന്യമായി ഡിജിറ്റൽ ഉപകരണങ്ങൾ കൊടുത്തുകഴിഞ്ഞു. സർക്കാരിന്റെ പരിശ്രമത്തെ ഞാൻ ചെറുതായി കാണുന്നില്ല. പക്ഷേ ഉപകരണങ്ങൾ കിട്ടിയിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് പട്ടികജാതി വകുപ്പുമായി ആലോചിച്ച് ഇതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് പല സംസ്ഥാനങ്ങളും പൂർണ്ണമായി കൊടുത്ത്

കഴിഞ്ഞുവെന്ന് പറഞ്ഞല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, പൂർണ്ണമായും കൊടുത്തുകഴിഞ്ഞുവെന്ന് ഞാൻ പറഞ്ഞില്ല. പല സംസ്ഥാനങ്ങളും സൗജന്യമായി കൊടുത്തുകഴിഞ്ഞു എന്നാണ് പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, എങ്കിൽ അതിനെക്കുറിച്ച് അധികമായി പറയാനില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ കൊടുക്കുന്ന കാര്യത്തിൽ നല്ല പുരോഗതിയാണ് കേരളത്തിലുണ്ടായിട്ടുള്ളത്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്. ആ വകുപ്പിന്റെകൂടി സഹകരണത്തോടെയാണ് അവിടെയുള്ള കാര്യങ്ങൾ കണ്ടെത്താനും അതിൽ ഇടപെടാനും കഴിഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി ഒറ്റപ്പെട്ട ചില പ്രശ്നങ്ങളാണ് ബാക്കിനിൽക്കുന്നത്. മറ്റുള്ളവ നല്ല രീതിയിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവെ ഈ ഡിജിറ്റൽ ഉപകരണങ്ങൾ സർക്കാർ വാങ്ങിക്കൊടുക്കും. ഞാൻ ഇത്ര കൊടുത്തു; എന്തുകൊണ്ടാണ് സർക്കാരിന് ഇങ്ങനെ കൊടുക്കാൻ കഴിയാത്തത് എന്ന് ബഹുമാന്യനായ ഒരംഗം ഇവിടെ പറയുന്നതുകേട്ടു. ആ അംഗത്തിന് മാർക്കറ്റിൽനിന്നും വേഗം അത്

വാങ്ങിക്കൊടുക്കാം. എന്നാൽ അതുപോലെ സർക്കാരിന് കൊടുക്കാൻ കഴിയില്ല. നിയതമായ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ സർക്കാരിന് കൊടുക്കാൻ സാധിക്കുകയുള്ളൂ. ആ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടക്കുമ്പോൾ അതിന്റെ ഭാഗമായി വരുന്ന പ്രശ്നങ്ങളുണ്ട്. അതുകൊണ്ടാണ് സർക്കാർ ആഗ്രഹിച്ച വേഗതയിൽ ഇത് കുട്ടികളുടെ കൈകളിലെത്താതിരുന്നത്. അത് കുട്ടികളുടെ കയ്യിലെത്തുമെന്നതിൽ യാതൊരു സംശയവുമില്ല. എല്ലാ കുട്ടികൾക്കും ഇത് പൂർണ്ണമായും വിതരണം ചെയ്യുകതന്നെ ചെയ്യും.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അത് എന്ന് എത്തുമെന്നുള്ളതാണ് പ്രശ്നം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നടപടിക്രമങ്ങൾ പൂർത്തിയായാൽ ഏത് നിമിഷത്തിലുമെത്താം.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ജി-സ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഓൺലൈൻ ക്ലാസിനുവേണ്ടി തുടങ്ങിയിട്ടുള്ള സംവിധാനമാണ് ജി-സ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോം.

ഡിജിറ്റൽ ക്ലാസ്സിനപ്പുറം കുട്ടികളുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള, ഗൂഗിൾ മീറ്റിംഗ് നടത്തുന്നതുപോലെയുള്ള ഒരു സംവിധാനമാണിത്. ഇപ്പോൾത്തന്നെ നാന്നൂറോളം സ്കൂളുകളിൽ അത് പരീക്ഷിച്ച് വിജയകരമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ജി-സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ കൈറ്റിന്റെ നേതൃത്വത്തിലുള്ള 8, 9, 10 ക്ലാസുകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 49781 ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 5399 അദ്ധ്യാപകർക്കും 11.882 ലക്ഷം വിദ്യാർത്ഥികൾക്കും പ്രത്യേക ലോഗിൻ ഐ.ഡി.-യും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള പരിശീലനം ഈ ആഴ്ച പൂർത്തിയാക്കി പ്ലസ് ടു ക്ലാസ്സുകൾ ഓൺലൈനായി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലസ് വൺ പൊതുപരീക്ഷ ഉള്ളതിനാലാണ് പ്ലസ് ടു ക്ലാസുകൾ ആരംഭിക്കാൻ കുറച്ച് വൈകിയത്. സ്കൂളുകൾ തുറന്ന സാഹചര്യംകൂടി പരിശോധിച്ചശേഷം ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളിലെ ഓൺലൈൻ സാധ്യത പരിശോധിക്കും. ഇതുൾപ്പെടെ നാല്പത് ലക്ഷത്തോളം ലോഗിൻ ഐ.ഡി.-കൾ നിർമ്മിക്കുന്നതിനുള്ള സൗകര്യം ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ കൈറ്റ്

സജ്ജമാക്കിയിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡിജിറ്റൽ ഉപകരണങ്ങൾ കൊടുക്കുന്നതുപോലെ കിഫ്ബി വഴിയും എം.എൽ.എ.-മാരുടെ അസറ്റ് ഫണ്ട് മുഖേനയുമൊക്കെ ഇപ്പോൾ നിരവധി മനോഹരങ്ങളായ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസവും 3 കോടി രൂപയുടെ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. മനോഹരങ്ങളായ കെട്ടിടങ്ങളുണ്ടെങ്കിലും സ്കൂളുകൾ തുറക്കുന്ന സമയത്തുപോലും ആ കെട്ടിടങ്ങളിലൊന്നും ഫർണ്ണിച്ചറില്ല. ഇത്തരം സ്കൂളുകളിൽ ഫർണ്ണിച്ചർ കൊടുക്കാനുള്ള പ്രൊവിഷൻ ഗവൺമെന്റ് നൽകുമോ; അതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുക?

ശ്രീ. വി. ശിവൻകുട്ടി: സർ, അധികാര വികേന്ദ്രീകരണത്തിന്റെ പുതിയ നിയമമനുസരിച്ച് ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയാണല്ലോ ഹൈസ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നേതൃത്വവും നിയന്ത്രണവും വഹിക്കുന്നത്. സ്കൂളുകളുടെ പേരുതന്നെ കോട്ടൺഹിൽ കോർപ്പറേഷൻ സ്കൂൾ എന്നാണല്ലോ എഴുതി വയ്ക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കിഫ്ബിയിൽനിന്നെല്ലാം

കോടിക്കണക്കിന് രൂപയാണ് മുടക്കുന്നത്. കഴിഞ്ഞദിവസം പറഞ്ഞതുപോലെ, കേരളത്തിലെ എല്ലാ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും കഴിഞ്ഞ വർഷം 5000 കോടി രൂപയാണ് മുടക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുന്നതിനുള്ള പരിശ്രമം എം.എൽ.എ.-മാർ നടത്തണം. ഇതുകൂടാതെ പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ വിചാരിച്ചാൽ കുറച്ച് സഹായങ്ങൾ ചെയ്യാൻ കഴിയും. അങ്ങനെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അല്ലാതെ കേരളത്തിൽ പുതിയതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളിലും ഫർണ്ണിച്ചർ കൊടുക്കാൻ തിരുവനന്തപുരത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും കേന്ദ്രത്തിൽനിന്ന് സപ്ലൈ ചെയ്യുക എന്നുപറഞ്ഞാൽ അത് നടക്കാൻപോകുന്ന കാര്യമല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കോവിഡ് ഉണ്ടാക്കിയ വലിയ പ്രതിസന്ധി ഘട്ടത്തിലും ഇത്രയും അദ്ധ്യാപകർക്ക് കൃത്യമായി ട്രെയിനിംഗ് കൊടുത്തുകൊണ്ട് ഓൺലൈൻ സംവിധാനത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സൗകര്യങ്ങൾ നൽകിയതിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും

വ്യത്യസ്തമായി കേരളം മാതൃകയായി. ഇവിടെ യു.ഡി.എഫ്. അംഗങ്ങൾ പരാതി പറയുമ്പോഴും ഈ നേട്ടം അംഗീകരിക്കാൻ അവർ തയ്യാറാകുന്നില്ല. നമ്മൾ മികച്ച രീതിയിൽ പോകുകയാണ്. ഇപ്പോൾ ഓൺലൈൻ ക്ലാസിനുപകരം സാധാരണ ക്ലാസ് തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ സ്കൂളുകളിൽ കൂടുതൽ ലാബുകളും മറ്റ് സൗകര്യങ്ങളും നവീകരിച്ചുകൊണ്ട് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പ്രതിപക്ഷത്തുള്ള എല്ലാ അംഗങ്ങളും എതിർത്തിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തലയൊക്കെ പോസിറ്റീവായാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുറച്ച് യോഗങ്ങൾ വിളിച്ചുചേർത്തതായി അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. പൊതുവിൽ അവരെല്ലാം സർക്കാരിനോട് സഹകരിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് മാസങ്ങൾക്കുമുമ്പ് 44 സ്കൂളുകളിലെ ലാബുകൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. തീർച്ചയായും നമുക്ക് ആലോചിക്കാം. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ പ്രാവശ്യം ഇൻഫ്രാസ്ട്രക്ചർ കാര്യങ്ങൾക്കായിരുന്നു മുൻതൂക്കം കൊടുത്തത്. ഈ വർഷം അക്കാദമിക് കാര്യങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടിവരുന്നത്. അതിന്റെ

അടിസ്ഥാനത്തിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി 14 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ലാബ്, ലൈബ്രറി തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. പി. സുമോദ്: സർ, വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം വിതരണം ചെയ്ത ഡിജിറ്റൽ ഉപകരണങ്ങളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 10, 12 ക്ലാസ്സുകളിലെ മുഴുവൻ എസ്.ടി. കുട്ടികൾക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്ന വിദ്യാകിരണം പദ്ധതിയുടെ ആദ്യഘട്ടം ഒക്ടോബർ 25-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. അതനുസരിച്ച് കൈറ്റിന്റെ 14 ജില്ലാ ഓഫീസുകൾവഴി അതിന്റെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 45313 ലാപ്ടോപ്പുകളാണ് എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ലാപ്ടോപ്പുകൾ ലഭ്യമാക്കിയിട്ടുള്ളത്. വയനാട് - 17129, പാലക്കാട് - 7575, കാസർഗോഡ്- 3638, കണ്ണൂർ - 2804, മലപ്പുറം - 2792, ഇടുക്കി -2355, തൃശ്ശൂർ - 2095, കൊല്ലം - 1243 എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)